"ഭരണഭാഷ- മാതൃഭാഷ"

AE1

കേരള സർക്കാർ

സംഗ്രഹം

കായിക യുവജനകാര്യ വകുപ്പ് - കായികയുവജനകാര്യ ഡയറക്ടറുടെ കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് "സ്പോർട്സ് കേരള ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കായിക യുവജനകാര്യ (എ) വകുപ്പ്

സ.ഉ.(കൈ) നം.6/2021/കാ.യു.വ തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1) സ.ഉ(സാധാ) നം.263/17/കാ.യു.വ തീയതി 08.12.2017

2) കായികയുവജനകാര്യ ഡയറക്ടറുടെ 03.01.2018, 17.04.2018, എന്നീ തീയതികളിലെ എ2-5881/17 നമ്പർ കത്ത്.

3) കായികയുവജനകാര്യ ഡയറക്ടറുടെ 19.07.2020 03.01.2018, 18.01.2021 എന്നീ തീയതികളിലെ എഇ1-2440/2020/DSYA നമ്പർ കത്ത്.

SE4 To take necessary action 26/2/21

ഉത്തരവ്

കായികയുവജനകാര്യ ഡയറക്ടറുടെ കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർ വിന്യസിച്ചുകൊണ്ടും 100% സർക്കാർ ഓഹരിയോടു കൂടിയും, ലാഭരഹിത കമ്പനി ആയും 2013 ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 8 പ്രകാരം **'സ്പോർട്സ് കേരള ലിമിറ്റഡ്'** എന്ന പേരിൽ ചുവടെ പറയുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ ഒരു പുതിയ കമ്പനി രൂപീകരിക്കണമെന്ന് പരാമർശം (2),(3) എന്നിവ പ്രകാരം കായികയുവജനകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

a. സംസ്ഥാനത്തെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ, മാനേജ്മെന്റ് കമ്പനിയായി സ്പോർട്സ് കേരള ലിമിറ്റഡിനെ നിയോഗിക്കുക

b. സ്പോർട്സ് കേരള ലിമിറ്റഡ് സജ്ജീകരിക്കുന്നതിനായി 4202-03-102-95-സ്പോർട്സ് എഞ്ചിനീയറിംഗ് (പി) എന്ന ശീർഷകത്തിൽ നിന്നും കമ്പനിയുടെ കോർപ്പസിലേക്ക് 40 ലക്ഷം രൂപയുടെ പ്രാരംഭ പെയ്ഡ്-അപ്പ് മൂലധനം നൽകാനുള്ള അനുമതി.

c. കായികയുവജനകാര്യ ഡയറക്ടറേറ്റിനു കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗത്തെയും കായിക ഇൻഫ്രാസ്ട്രക്ച്ചർ വികസനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ അറിവ്, അനുഭവം, എന്നിവ പരിഗണിച്ച്, അവിടുത്തെ സ്റ്റാഫിനെയും പുതിയതായി രൂപീകരിക്കുന്ന സ്പോർട്സ്

കേരള ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് ലയിപ്പിക്കുന്നതിനും അനുമതി നൽകുക.

d. കിഫ്ബി ധനസഹായത്തോടെയുള്ള കായിക, യുവജനകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് സ്പോർട്സ് കേരള ലിമിറ്റഡിന് എസ്.പി.വി ആയി പ്രവർത്തിക്കാനുള്ള അനുമതി.

e. കേരള സംസ്ഥാനത്ത്, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണത്തിനും പരിപാലനത്തിനുമായി, സ്പോർട്സ് കേരള ലിമിറ്റഡ് കമ്പനിയെ കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി നിയോഗിക്കാനുള്ള അനുമതി.

f. സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും പ്രസ്തുത കമ്പനിക്ക് മുന്നോട്ട് കൊണ്ടുപോകാനുള്ള അനുമതി.

g. സംസ്ഥാനത്തെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിന്റെ നോഡൽ ഏജൻസിയെന്ന നിലയിൽ മറ്റ് വകുപ്പുകളുടെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി പ്രവർത്തനങ്ങൾ നടത്തുന്നതിനും 30.07.2014-ലെ സ.ഉ(പി)നം.311/2014/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള സെന്റേജ് ചാർജ്ജുകൾ ശേഖരിക്കാനുള്ള ഒരു അംഗീകൃത ഏജൻസി എന്ന അനുമതി.

h. കായിക, യുവജനകാര്യ വകുപ്പിന്റെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി പ്രവർത്തനങ്ങൾ സബ്സിഡി നിരക്കിൽ നടപ്പാക്കാൻ പ്രസ്തുത കമ്പനിക്ക് അനുമതി നൽകുക.

i. കായികയുവജനകാര്യാലയത്തിനു കീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്, തിരുവനന്തപുരം. കുമാരപുരം ടെന്നീസ് അക്കാദമി, തിരുവനന്തപുരം വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം കായികയുവജനകാര്യാലയത്തിനു കീഴിലുള്ള സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ എന്നിവിടങ്ങളിലെ ആസ്തികളും അതിലൂടെ ലഭിക്കുന്ന വരുമാനവും സ്പോർട്സ് കേരള ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതി.

j. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വം കായികയുവജനകാര്യാലയത്തിൽ നിന്നും സ്പോർട്സ് കേരള ലിമിറ്റഡ് എന്ന കമ്പനിക്ക് കൈമാറുന്നതിനുള്ള അനുമതി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ അംഗീകരിച്ച് നൽകുന്ന നിബന്ധനകളോടെയുള്ള അനുമതിക്ക് വിധേയമായി സ്പോർട്സ് കേരള ലിമിറ്റഡ് കമ്പനിയുടെ

പ്രവർത്തന ലക്ഷ്യം നിർണയിച്ചുകൊണ്ടും, കായികയുവജനകാര്യ ഡയറക്ടറേറ്റിനു കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗത്തെയും കായിക ഇൻഫ്രാസ്ട്രക്ച്ചർ വികസനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ അറിവ്, അനുഭവം, എന്നിവ പരിഗണിച്ച് അവിടുത്തെ സ്റ്റാഫിനെയും നിർദിഷ്ട കമ്പനിയിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ടും, നിയമ വകുപ്പ് സൂക്ഷ്മ പരിശോധന നടത്തി ഭേദഗതികൾ നിർദ്ദേശിച്ച നൽകിയ MoA, AoA എന്നിവ ആസൂത്രണ സാമ്പത്തികകാര്യ (BPE) വകുപ്പിന്റെ തുടർ പരിശോധനയ്ക്കും ഭേദഗതിക്കും വിധേയമായി അംഗീകരിച്ചുകൊണ്ടും കായികയുവജനകാര്യാലയത്തിനു കീഴിൽ ചുവടെ പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളോടും വ്യവസ്ഥകളോടും കൂടി "സ്പോർട്സ് കേരള ലിമിറ്റഡ്" എന്ന പേരിൽ ഒരു പൊതുമേഖല കമ്പനി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

a. സംസ്ഥാനത്തെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ, മാനേജ്മെന്റ് കമ്പനിയായി പ്രവർത്തിക്കുക.

b. സ്പോർട്സ് കേരള ലിമിറ്റഡ് സജ്ജീകരിക്കുന്നതിനായി കമ്പനിയുടെ കോർപ്പസിലേക്ക് 4202-03-102-95-സ്പോർട്സ് എഞ്ചിനീയറിംഗ് (പി) എന്ന ശീർഷകത്തിൽ നിന്നും 40 ലക്ഷം രൂപയുടെ പ്രാരംഭ പെയ്ഡ്-അപ്പ് മൂലധനം നൽകാവുന്നതാണ്.

c. കായികയുവജനകാര്യ ഡയറക്ടറേറ്റിനു കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗത്തെയും കായിക ഇൻഫ്രാസ്ട്രക്ച്ചർ വികസനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ അറിവ്, അനുഭവം, എന്നിവ പരിഗണിച്ച്, അവിടുത്തെ സ്റ്റാഫിനെയും പുതിയതായി രൂപീകരിക്കുന്ന സ്പോർട്സ് കേരള ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള അനുമതി.

d. സർക്കാർ അനുമതി നൽകിയതും നിലവിൽ കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല.

e. കായികയുവജനകാര്യാലയത്തിനു കീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം , കുമാരപുരം ടെന്നീസ് അക്കാദമി, തിരുവനന്തപുരം, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം, കായികയുവജനകാര്യാലയത്തിനു കീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും.

f. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വം .

ഇതു സംബന്ധിച്ച തുടർ നടപടികൾ കായികയുവജനകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

File No.SYA-A3/146/2018-SYA

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ
സെക്രട്ടറി

ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം

സെക്രട്ടറി , കേരള സംസ്ഥാന സ്പോർട്സ് കൌൺസിൽ

ചീഫ് എഞ്ചിനീയർ , കായിക എഞ്ചിനീയറിംഗ് വിംഗ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ) /(ആഡിറ്റ്) കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 4815 തീയതി 24.02.2021)

ധന കാര്യ വകുപ്പ്

നിയമ വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.കായികയുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കായികയുവജനകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ-ക്ക്

കായികയുവജനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്